# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 19 No. 02 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2015


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 21-ാമത് ജനറൽ കൺവൻഷൻ അടൂരിൽ


പാസ്റ്റർ എം.സാമുവൽകുട്ടി
ന്യൂഡൽഹി


പാസ്റ്റർ കെ.ജെ. മാത്യു
പുനലൂർ


പാസ്റ്റർ രാജേഷ്
ഏലപ്പാറ


പാസ്റ്റർ മനോജ് തമ്പി
അടൂർ


ഡോ.പ്രിൻസ് പി.എസ്സ്.
ചെറുവക്കൽ

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിയൊന്നാമത് ജനറൽ കൺവൻഷൻ 2015 ഫെബ്രുവരി 26,27, 28, മാർച്ച് 1 എന്നീ തീയതികളിൽ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 26-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മനോജ് തമ്പി (എഫ്.എഫ്.സി. അടൂർ), പാസ്റ്റർ രാജേഷ് ഏലപ്പാറ, പാസ്റ്റർ കെ.ജെ. മാത്യു (അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്റ്റ്രിക്ട് അസി. സൂപ്രണ്ട് പുനലൂർ) എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.

എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യൂ. എഫ്. എന്നിവയുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. ഫെബ്രുവരി 28-ാം തീയതി രാവിലെ പത്ത് മണിമുതൽ അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ റവ. ഡോ. പ്രിൻസ് പി. സാമുവൽ (പ്രിൻസിപ്പൽ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി, ചെറുവക്കൽ) മുഖ്യസന്ദേശം നൽകും. ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സും ഫെയ്ത്ത് ബാന്റും ഈ യോഗങ്ങളിൽ ആരാധ

(ശേഷം രണ്ടാം പേജിൽ)

## പാസ്റ്റർ ഫെബിൻ കെ. മാത്യൂസ് നിത്യതയിൽ


പാസ്റ്റർ ഫെബിൻ കെ. മാത്യൂ
(1981 – 2015)

ന്യൂഡൽഹി: ഐ. പി.സി. ബഥേൽ ചർച്ച് ശുശ്രൂഷകനും പ്രശസ്ത പരിഭാഷകനുമായ പാസ്റ്റർ ഫെബിൻ കെ. മാത്യൂസ് (33) ജനുവരി 13-ാം തീയതി നിത്യതയിൽ പ്രവേശിച്ചു. ദീർഘ വർഷങ്ങളായി പഞ്ചാബിലെ കപൂർത്തല കേന്ദ്രമാക്കി ശുശ്രൂഷയിലായിരുന്നതും ഇപ്പോൾ ഐ.പി.സി. പോർട്ട്ബ്ളയർ സെന്ററിന്റെ ചുമതലയിലുമായിരിക്കുന്ന പാസ്റ്റർ കെ.എം. മാത്യുവിന്റെയും തങ്കമണി മാത്യുവിന്റെയും മൂത്ത മകനാണ് ഫെബിൻ.

രന്തഹീർ കോളജിൽ നിന്നും ഗ്രാജുവേറ്റ് ആയതിനു ശേഷം ഐ.പി.സി. കോട്ടയം തിയോളജിക്കൽ സെമിനാരി, എൻ.ടി.സി. ഡെറാഡൂൺ എന്നിവിടങ്ങളിൽ വേദ പഠനം പൂർത്തിയാക്കി. ബൈബിൾ കോളജ് അധ്യാപകൻ (പഞ്ചാബ് ബൈബിൾ കോളജ്), ട്രാംസ് ടീച്ചർ (ഇ.എൽ.എം. സ്കൂൾ ഓഫ് വർഷിപ്പ്, റായ്കോട്ടിൽ) പാരിഷ് പാസ്റ്റർ (ടി.ആർ.ഇ.സി.ജി. ന്യൂഡൽഹി), പരിഭാഷകൻ, വർഷിപ്പ് ലീഡർ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രവർത്തിക്കുകയായിരുന്നു. മിലിൻസി ഫെബിൻ ആണ് ഭാര്യ. പ്രെയ്സ് മാത്യു ഏക സഹോദരനും.

ജനുവരി 14ന് ഡൽഹി ക്യൂ വൺ, ഗ്രീൻ പാർക്ക് ചർച്ചിൽ വച്ച് നടന്ന പൊതുദർശനത്തിൽ ഡൽഹിയിലെ പെന്തക്കൊസ്തു സമൂഹം ആദരാജ്ഞലികൾ അർപ്പിച്ചു. തുടർന്ന് പഞ്ചാബിലെ കപൂർത്തലയിൽ സംസ്കാരം നടത്തി.

ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ബീഹാറിൽ റിപ്പബ്ലിക്ക് ദിനം ആചരിച്ചു

**കോച്ചസ്:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രധാന പ്രവർത്തന രംഗമായ ബീഹാറിലെ കോച്ചസ് കേന്ദ്രമായി പ്രവർത്തിക്കുന്ന കോച്ചസ് ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിലും ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകളിലും സമീപ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ഐ.സി.എം. അക്കാദമികളിലും അറുപത്തിയാറാം റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ നടന്നു.

കോച്ചസിൽ കോച്ചസ് ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററും ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളും സംയുക്തമായി സംഘടിപ്പിച്ച ആഘോഷത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർ ലല്ലൻ പ്രസാദ് ദേശീയ പതാക ഉയർത്തി. ദേശീയഗാന ആലാപനത്തിനൊപ്പം ദേശീയ പതാകയെ വിദ്യാർത്ഥികളുംഅദ്ധ്യാപകരും സലൂട്ട് ചെയ്തു. കെ.സി.ഡി.സി.യിലെ സാമൂഹിക പ്രവർത്തകരും അധ്യാപകരും ദേശീയതയെ പറ്റി പ്രസംഗിച്ചു. തുടർന്ന് തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങളും നടന്നു.


കോച്ചസിലെ റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ദൃശ്യം

സെൻഡൂർ ഗ്രാമത്തിലെ ഐ.സി.എം. അക്കാദമിയിൽ നടന്ന ആഘോഷത്തിൽ തൊണ്ണൂറോളം വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. ആഘോഷത്തിന്റെ ഭാഗമായി വില്ലേജിൽ റാലി നടത്തുകയും ദേശഭക്തിഗാനങ്ങളും മുദ്രാവാക്യങ്ങളും ആലപക്കുകയും ചെയ്തു. ഐ.സി.എം. അക്കാദമി പ്രിൻസിപ്പൽ ചന്ദ്രേശ്വർ ഭാരതി ദേശീയ പതാക ഉയർത്തി. പാസ്റ്റർ കേദാർ മസി, ഇവാ. ബ്രിഡ്ജ്ബീഹാരി, സഞ്ചയ്കുമാർ എന്നിവർ ആഘോഷത്തിനു നേതൃത്വം നൽകി.

നൊവാൻ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച ഐ.സി.എം. അക്കാദമിയിലും ആഘോഷം നടന്നു. പ്രിൻസിപ്പൽ റാം പർവേശ് സിംങ്ങ് ദേശീയ പതാക ഉയർത്തി. നൊവാൻ ഗ്രാമത്തിൽ നടന്ന റാലിക്ക് ഐ.സി.എം. റീജൻ കോ ഓഡിനേറ്റർ പാസ്റ്റർ രജനീകാന്ത്, പ്രോജക്ട് മാനേജർ വിനോദ് കുമാർ എന്നിവർ നേതൃത്വം നൽകി. അവിടെ പഠനം ആരംഭിച്ച കുട്ടികളുടെ ജീവിതത്തിൽ ആദ്യമായാണ് അവർ റിപ്പബ്ളിക് ആഘോഷം കൊണ്ടാടിയത്.അതിന് അവസരം ഒരുക്കിയ ഐ.സി.എം. അക്കാദമി ഭാരവാഹികളോട് ഗ്രാമവാസികൾ നന്ദി പറഞ്ഞു.

പനയേലി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഐ.സി.എം. അക്കാദമിയിൽ നടന്ന ആഘോഷത്തിന് ഇവാ. ധർമേന്ദ്രകുമാറും മറ്റ് പ്രവർത്തകരും നേതൃത്വം നൽകി. ഗ്രാമത്തിൽ നടന്ന റാലിക്കുശേഷം അക്കാദമി പ്രിൻസിപ്പൽ ചന്ദ്വേശ്വർ റാം ദേശീയ പതാക ഉയർത്തി. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

ഖുഡുഹൂരിയ ഐ.സി.എം. അക്കാദമിയിൽ നടന്ന ആഘോഷത്തിൽ വാർഡ് മെമ്പർ ശ്രീ. ഗാന്ധി ആസാദ് ദേശീയപതാക ഉയർത്തി. തുടർന്ന് അദ്ദേഹം നടത്തിയ റിപ്പബ്ലിക് ദിന സന്ദേശത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യതയെ പറ്റി മാതാപിതാക്കളെയും വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിച്ചു.


റിപ്പബ്ലിക്ക് ദിന റാലിയുടെ ദൃശ്യം

*ഉൾപേജുകളിൽ...*


പരിപാലകനായ ദൈവം : പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)

സ്വന്തഭവനത്തിലേക്ക് (ഘർ വാപ്പസി) : പാസ്റ്റർ മനോജ് തമ്പി (അടൂർ)

ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം : പാസ്റ്റർ പി. സോളമൻ(വിളക്കുടി)

ചിറകില്ലാതെ പറന്നുയരുക: ഇവാ. ജോൺ സാമുവൽ മണക്കാല (ഗ്രേയ്റ്റർ നോയിഡ)

*പത്രാധിപ ലേഖനം.......*

# പരിപാലകനായ ദൈവം



**അ**മേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമയുടെ ഇന്ത്യ സന്ദർശനം വളരെ ശ്രദ്ധയാകർഷിക്കപ്പെട്ടു. 66ാമത് റിപ്പബ്ളിക്ക് ദിനാഘോഷങ്ങളിൽ വിശിഷ്ടാഥിതിയായി എത്തിയതായിരുന്നു അദ്ദേവും ഭാര്യ മിഷേലും. ഒബാമയുടെ സന്ദർശനത്തിനു മുമ്പ് അദ്ദേഹത്തിനൊരുക്കിയ സുരക്ഷയുടെ കാര്യത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ ഭിന്നത മുർഛിച്ചിരുന്നു. ഡൽഹിയിലും പരിസരങ്ങളിലും പഴുതടച്ച സുരക്ഷ ഏർപ്പെടുത്തിയിട്ടും യുഎസ് ഉദ്യോഗസ്ഥർ തൃപ്തരാകാതെ സുരക്ഷാകാര്യങ്ങളിൽ പുതിയ പുതിയ നിർദ്ദേശങ്ങൾ മുമ്പോട്ടുവച്ചുകൊണ്ടിരുന്നു. എന്നാൽ അവയെല്ലാം അംഗീകരിക്കാൻ ഇന്ത്യ തയ്യാറായില്ല. ഇതുവരെ ഒരു അമേരിക്കൻ പ്രസിഡന്റും 45 മിനിറ്റിൽ കൂടുതൽ തുറന്ന പൊതുവേദിയിൽ ഇരുന്നിട്ടില്ല എന്നതിനാൽ രണ്ടുമണിക്കൂറോളം നീളുന്ന റിപ്പബ്ളിക്ക് ദിന പരിപാടികൾ 45 മിനിട്ടാക്കി വെട്ടിച്ചുരുക്കണമെന്നും അല്ലെങ്കിൽ നിശ്ചിത സമയത്തിനു ശേഷം ഒബാമ വേദിയിലിരിക്കില്ലെന്നും അമേരിക്ക ശാഠ്യം പിടിച്ചു. ഈ ആവശ്യത്തിനു വഴങ്ങിയില്ലെന്നു മാത്രമല്ല, പരേഡിൽ പ്രദർശിപ്പിക്കുന്ന ടാബ്ളോകളുടെ എണ്ണം ഇരുപതിൽ നിന്ന് ഇരുപത്തഞ്ചായി ഉയർത്തുകയും ചെയ്തു. ജനുവരി 25നും 26നും ഡൽഹിക്കുമുകളിൽ വ്യോമനിരോധനം ഏർപ്പെടുത്തണം എന്നവർ ആവശ്യപ്പെട്ടപ്പോൾ ഇത് അംഗീകരിക്കുവാൻ കഴിയില്ലെന്നും റിപ്പബ്ളിക്ക് ദിന ചടങ്ങിന്റെ ഭാഗമായി ഇന്ത്യൻ വ്യോമസേനയുടെ പ്രകടനം നടത്തേണ്ടതുണ്ടെന്നുമുള്ള നിലപാട് ഇന്ത്യ അറിയിച്ചു. എന്നാൽ ഇന്ത്യക്ക് കഴിയുന്ന നിലയിൽ കനത്ത സുരക്ഷാ സന്നാഹങ്ങളാണ് സർക്കാർ ഒരുക്കിയത്. ഫലത്തിൽ ഡൽഹി മൊത്തം സൈനിക കോട്ടയായി മാറ്റപ്പെട്ടു.

മുൻകാലങ്ങളിൽ അമേരിക്കൻ പ്രസിഡന്റുമാർ സാധാരണ വിമാനങ്ങളെയാണ് യാത്രകൾക്കായി ആശ്രയിച്ചിരുന്നത്. താരതമ്യേന സുരക്ഷാ പ്രശ്നങ്ങൾ കുറഞ്ഞ കാലത്തെ സ്ഥിതിയാണിത്. എന്നാൽ ഇന്ന് പ്രസിഡന്റിനു സഞ്ചരിക്കുവാൻ എയർ ഫോഴ്സ് വൺ എന്ന പ്രത്യേക വിമാനമാണ് ഉപയോഗിക്കുന്നത്. അത്യാധുനികമായ ആശയവിനിമയ സംവിധാനങ്ങൾ ഈ വിമാനത്തിലുണ്ട്. 87 ടെലിഫോണുകളും 19 ടെലിവിഷനുകളും ഈവിമാനത്തിൽ ചേർത്തിരിക്കുന്നു. ഈ വിമാനത്തിന് അകമ്പടിയായി സമാനമായ സന്നാഹങ്ങളുള്ള രണ്ട് വിമാനങ്ങൾ കൂടി പറക്കും. ഓഫീസ് സ്റ്റാഫ്, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവരാണ് ഈ വിമാനങ്ങളിലുണ്ടാകുക. എല്ലാത്തരത്തിലും സ്വയം പര്യാപ്തമാണ് പ്രസിഡന്റിന്റെ വിമാനം. പ്രസിഡന്റിനാവശ്യമായ ഭക്ഷണം പാകം ചെയ്യുന്നതും ഇതിൽ തന്നെയാണ്. സർവ്വസജ്ജമായ മെഡിക്കൽ സംഘം, അടിയന്തിര ശുശ്രൂഷാ സംവിധാനങ്ങൾ, ഓപ്പറേഷൻ ടേബിൾ , മരുന്നുകൾ തുടങ്ങിയവയും വിമാനത്തിൽ സജ്ജമാണ്. അതിശക്തമായ ആശയവിനിമയ സംവിധാനങ്ങളാണ് വിമാനത്തിലുള്ളത്. ഇതിനായി വിമാനത്തിനകത്തു നടത്തിയിട്ടുള്ള വയറിംങ്ങ് സംവിധാനങ്ങൾക്ക് 386 കിലോമീറ്റർ നീളം വരും. അണുസ്ഫോടനം സംഭവിച്ചാൽ പോലും മികച്ച രീതിയിൽ ആശയവിനിമയം സാധ്യമാകുന്ന വിധത്തിലാണ് സജ്ജീകരണങ്ങളുള്ളത്. വിമാനത്തിലിരുന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യാൻ പ്രസിഡന്റിനു സാധിക്കും. ടെലികോൺഫറൻസിനുപയോഗിക്കാനായി പ്ലാസ്മാ സ്ക്രീൻ ടെലിവിഷൻ ഇതിലുണ്ട്. വിമാനത്തിനു നേരെ സഞ്ചരിക്കുന്ന മിസൈലുകളെ വഴിതിരിച്ചുവിടാൻ ഉള്ള ശേഷി ഈ വിമാനത്തിനുണ്ട്. ഇൻഫ്രാറെഡ് ബീമുകൾ ഉപയോഗിച്ച് മിസൈൽ ഗൈഡൻസ് സിസ്റ്റത്തിൽ ഇടപെടുകയാണ് ചെയ്യുക. ഏതാണ്ട് 2000 കോടി രൂപ ചെലവിട്ടാണ് ഈ വിമാനം നിർമ്മിച്ചത്.

ത്രിദിന സന്ദർശനത്തിന് ഇന്ത്യയിലെത്തിയ ഒബാമക്ക് സഞ്ചരിക്കുവാനുള്ള പ്രത്യേക വാഹനം അദ്ദേഹം എത്തുന്നതിന് മുമ്പേ ഡൽഹിയിൽ എത്തിച്ചിരുന്നു. അമേരിക്കയിൽ രൂപകൽപ്പന ചെയ്ത ബീസ്റ്റ് എന്ന കാറാണത്. കാറിന്റെ യഥാർത്ഥ പേര് കാഡിലാക്ക് വൺ എന്നാണ്. പ്രത്യേക പരിശീലനം ലഭിച്ച സുരക്ഷാഉദ്യോഗസ്ഥനാണ് ഇത് ഓടിക്കുന്നത്. കാറിന്റെ പ്രതലത്തിന് എട്ടിഞ്ച് കനമുള്ളതിനാലും പ്രത്യേക മെറ്റൽകൊണ്ട് നിർമ്മിച്ചതിനാലും വെടിയുണ്ടകൾ ഏൽക്കില്ല. കാറിന്റെ ചില്ലുകൾക്ക് അഞ്ചിഞ്ചു കനമുണ്ട്. ഇത് രാസായുധത്തെയും ചെറുക്കാൻ ശക്തിയുള്ളതാണ്. ആക്രമണത്തിൽ ചില്ലുകൾ ഉടയില്ല. ബോയിങ്ങ് 757 വിമാനങ്ങളുടേതിന് സമാനബലമുള്ള വാതിലുകളാണ് കാറിനുള്ളത്. ഇതിൽ പ്രത്യേക സുരക്ഷാ കവചത്തോടു കൂടിയ ഇന്ധനടാങ്കാണുള്ളത്. അതിനാൽ സ്ഫോടനത്തിൽ പോലും പൊട്ടിത്തെറിക്കില്ല. ടയറുകൾ പഞ്ചറാവുകയോ വെടിയേറ്റാൽ കേടാവുകയോ ഇല്ല. മൊത്തം 7 സീറ്റുകളുള്ള കാറിൽ രാത്രിയിലും കാഴ്ചശേഷിയുള്ള ക്യാമറകളാണ് ഘടിപ്പിച്ചിരിക്കുന്നത്. തോക്കുകളും കണ്ണീർവാതക ഷെല്ലുകളും ഘടിപ്പിച്ച കാറിൽ ഓക്സിജൻ ടാങ്ക്, രക്തബാങ്ക് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. രാസായുധ പ്രയോഗമുണ്ടായാൽ പുറത്തുനിന്നുള്ള വായുവിനെ അകത്തേക്ക് കടത്തിവിടാതെ വാതിലുകൾ ലോക്കാവുകയും ശുദ്ധമായ ഓക്സിജൻ വ്യാപിപ്പിക്കുകയും ചെയ്യുന്ന സംവിധാനം കാറിനുള്ളിൽ തന്നെയുണ്ട്. വൈസ് പ്രസിഡന്റിനെയും പെന്റെഗണിലേക്കും ഏതു നേരവും ബന്ധപ്പെടാൻ കഴിയുന്ന സാറ്റ്ലൈറ്റ് ഫോൺ സൗകര്യവും സജ്ജികരിച്ചിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്നതെല്ലാം ഒരു രാജ്യം അതിന്റെ പ്രസിഡന്റിനു കൊടുക്കുന്ന സംരക്ഷണത്തെക്കുറിച്ചാണ്. ഏതുതരം പ്രതിസന്ധി കടന്നുവന്നാലും അതിനെ തരണം ചെയ്യുവാൻ കഴിയുന്നതരത്തിലാണ് അമേരിക്കൻ പ്രസിഡന്റിന്റെ വാഹനം നിർമ്മിച്ചിരിക്കുന്നത്. എന്നാൽ നമ്മെ പരിപാലിക്കുന്നത് നമ്മുടെ കർത്താവാണ്. വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുവാനും അപകട ദൃശ്യങ്ങൾ പകർത്താനും പല രാജ്യങ്ങളിലും നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ചുവരുന്നു. ഇടിച്ചിട്ടിട്ട് നിർത്താതെ പോയ ഒരു വാഹനത്തിന്റെ ദൃശ്യം ക്യാമറയിൽ പതിഞ്ഞിട്ടുണ്ടെങ്കിൽ കടന്നുകളഞ്ഞ ഡ്രൈവറെ തിരിച്ചറിയാനും അറസ്റ്റ് ചെയ്യാനും അത് അധികാരികളെ സഹായിക്കും. സകലവും കാണുന്ന നിരീക്ഷണക്യാമറകളെക്കുറിച്ച് പറയുമ്പോൾ നമ്മുടെ പിതാവായ ദൈവത്തെ എത്രമാത്രം നാം ഓർക്കേണ്ടിയിരിക്കുന്നു. അവന്റെ കണ്ണ് എല്ലായിടവും ഉണ്ടെന്ന് ബൈബിൾ പറയുന്നു (സദൃ.15:3). സാങ്കേതിക സംവിധാനങ്ങൾ തകരാറിലായാൽ ലോകത്തിലെ നിരീക്ഷണ യന്ത്രങ്ങൾ പരാജയപ്പെടും. എന്നാൽ നമ്മുടെ മേലുള്ള ദൈവത്തിന്റെ നിരീക്ഷണം ഒരിക്കലും തകരാറിലാവുകയില്ല. സങ്കീർത്തനക്കാരൻ പറയുന്നു, നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല; നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല; യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ, യഹോവ നിന്റെ വലത്തുഭാഗത്ത് നിനക്ക് തണൽ. പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ചിറകില്ലാതെ പറന്നുയരുക!

(നാലാം പേജിൽനിന്ന് തുടർച്ച)

ഭാവിയിൽ എങ്ങനെ ജീവിക്കുമെന്ന് പലരും ആശങ്കപ്പെട്ടു. എന്നാൽ ഇരുകൈകളും ദൈവം തന്നില്ലല്ലോ എന്നോർത്ത് നിരാശപ്പെടുന്നതിനു പകരം രണ്ടു കാലുകൾ ദൈവം തനിക്കു തന്നിട്ടുണ്ടല്ലോ, അതുപയോഗിച്ച് ഇരുകൈകളുള്ളവർ ചെയ്യുന്നതെല്ലാം ചെയ്യുമെന്ന ദൃഢനിശ്ചയം ജസീക്ക മനസ്സിൽ കുറിച്ചു. നൃത്തം അഭ്യസിച്ചു, ഒന്നര പതിറ്റാണ്ടോളം നൃത്തരംഗത്ത് ജസീക കഴിവു തെളിയിച്ചുകൊണ്ടിരുന്നു. വിമാന പറത്തൽ പരിശീലനം നടത്തി ഇരുകൈകളുമില്ലാതെ കാലുകൾ കൊണ്ട് വിമാനം പറത്തുന്ന ആദ്യവ്യക്തിയായി ജസീക്ക മാറി. 14-ാം വയസ്സിൽ തായ്ക്വോണ്ടോയിൽ ബ്ലാക്ക്ബെൽറ്റ് നേടി. അരിസോണ യൂണിവേഴ്സിറ്റിയിൽ നിന്ന് സൈക്കോളജിയിൽ ബിരുദം നേടി. തുടർന്ന് ഒരിക്കൽ കൂടി മറ്റൊരു സ്റ്റൈലിൽ തായ്ക്വോണ്ടോയിൽ ബ്ലാക്ക്ബെൽറ്റ് നേടി. ഡ്രൈവിങ്ങ് ലൈസൻസ് നേടി. മിനിറ്റിൽ 25 വാക്കുകൾ കമ്പ്യൂട്ടർ കീബോർഡിൽ ടൈപ്പ് ചെയ്യും. സ്വിമ്മിങ്ങ് പൂളിൽ ഇരുകൈകളും ഇല്ലാതെ നീന്തിമുന്നേറും. ഇന്ന് ലോകരാജ്യങ്ങളിൽ സഞ്ചരിച്ച് പ്രചോദനാത്മക പ്രഭാഷകയായി ജസീക്ക വീണ്ടും ചിറകില്ലാതെ പറക്കുകയാണ്.

പരാധീനതകളും പരിമിതികളും വളരെയനുഭവിക്കുന്ന നമുക്കും ഉയരങ്ങൾ കീഴടക്കാനും വിജയിച്ചു മുന്നേറാനും സാധിക്കും. പരാജയ ഭാവത്തിൽ തലകുനിച്ച് പിൻമാറരുത്. ജയിച്ചുമുന്നേറുക. പ്രാർത്ഥനയും ദൈവത്തിലുള്ള ആശ്രയവും തികഞ്ഞ വിശ്വാസവും നിങ്ങൾക്കായി വിജയത്തിന്റെ വാതായനങ്ങൾ മലർക്കെ തുറക്കും. ശുഭപ്രതീക്ഷകളോടെ നന്ദി.

## ജനറൽ കൺവൻഷൻ അടൂരിൽ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നയ്ക്ക് നേതൃത്വം നൽകും.

കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി പാസ്റ്റർ എബി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു. പാസ്റ്റർ ഡി. ജോൺ, പാസ്റ്റർ മനോജ് തമ്പി (പ്രാർത്ഥന), പാസ്റ്റർ ബോബി. പി. ജോൺ , ഇവാ. ജോൺസൺ ഡാനിയേൽ(പ്രോഗാം), പാസ്റ്റർ വിനോദ് കെ., പാസ്റ്റർ സാം വില്യം (പബ്ളിസിറ്റി), പാസ്റ്റർ വി.എം. ഏബ്രഹാം, ഇവാ. തങ്കച്ചൻ ഡേവിഡ് (ഫുഡ്), പാസ്റ്റർ സുമേഷ് പി. ലാസർ, പാസ്റ്റർ വി.എം. ഏബ്രഹാം (ഫിനാൻസ്), പസ്റ്റർ തോമസ് മാത്യു (വോളന്റിയേഴ്സ്) എന്നവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകുന്നു. കൺവൻഷനോടനുബന്ധിച്ച് *വിശ്വാസി*മാസികയുടെ പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നതായിരിക്കും. വരിസംഖ്യ അടക്കുവാനും അഡ്രസ്സ് പുതുക്കുവാനുമുള്ള സൗകര്യം ലഭിക്കുന്നതാണ്.

## ഐ.സി.എം. കേരളാ റീജൻ വാർത്തകൾ

### സൺഡേ സ്കൂൾ അസോസിയേഷൻ വാക്യമത്സരം

അടൂർ: കേരളാ റീജൻ സൺഡേസ്കൂൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2015 ജനുവരി 26-ാം തീയതി അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ചും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ചും വാക്യമത്സരം നടത്തപ്പെട്ടു. ഏറ്റവും കൂടുതൽ വാക്യങ്ങൾ എഴുതുകയും മനഃപാഠം പറയുകയും ചെയ്ത വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് സഭയടെ ജനറൽ കൺവൻഷനിൽ വച്ച് സമ്മാനം വിതരണം ചെയ്യുമെന്ന് റീജൻ ഭാരവാഹികൾ അറിയിച്ചു. സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ ബെൻസി ജോർജ് അദ്ധ്യക്ഷനായിരുന്ന സമാപന സമ്മേളനം റീജൻ കോഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ബോബി പി. ജോൺ, സാം വില്യം, സുമേഷ് പി. ലാസർ, വി.എം. ഏബ്രഹാം, മനോജ് തമ്പി, ഇവ. ജോൺസൻ ഡാനിയേൽ എന്നിവർ ആശംസകളറിയിച്ചു.


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സ്വന്ത ഭവനത്തിലേക്ക് (ഘർ വാപ്പസി)

നേട്ടങ്ങൾ കൊയ്തെടുക്കുവാനുള്ള മനുഷ്യന്റെ വ്യഗ്രതയ്ക്ക് വേദപുസ്തകം നൽകുന്ന ഉത്തമ ഉദാഹരണമാണ് യാക്കോബ്. സ്വന്ത ഭവനത്തിൽ നിന്നും ഒളിച്ചോടേണ്ടി വന്ന യാക്കോബിന്റെ ആയുസ്സിന്റെ നല്ലൊരു ഭാഗം ഭാര്യാപിതാവായ ലാബാന്റെ ഭവനത്തിൽ ചിലവഴിക്കേണ്ടതായി വന്നു. സുന്ദരിയായ ഭാര്യയും സമ്പത്തും സ്വപ്നം കണ്ട് അധ്വാനിക്കുമ്പോൾ കബളിപ്പിക്കപ്പെടുമെന്ന് ഒരിക്കലും ചിന്തിച്ചില്ല. നിരന്തരമായി ലാബാൻ ദ്രോഹിച്ച് കൊണ്ടിരുന്നപ്പോൾ ഒരു ദിനം തന്റെ സ്വന്തം ഭവനത്തിലേക്ക് മടങ്ങിപ്പോകണമെന്ന ചിന്ത യാക്കോബിനുണ്ടായി (ഉൽപത്തി 30:30). ലാബാന്റെ ഭവനത്തിൽ ചിലവഴിക്കപ്പെട്ട ദിനങ്ങളെയും നഷ്ടമായ ആരോഗ്യത്തെയും ഓർത്ത് ദുഃഖിച്ചുകൊണ്ട് യാക്കോബ് പറഞ്ഞു പകൽ ഉഷ്ണം കൊണ്ടും രാത്രി ശീതം കൊണ്ടും ഞാൻ തളർന്നു.......... ഇനി എന്റെ സ്വന്തഭവനത്തിന് വേണ്ടി ഞാൻ എപ്പോൾ കരുതും? സ്വന്ത ഭവനവും കരുതലും (Investment) തമ്മിൽ ബന്ധമുണ്ടെന്ന് ഈ പ്രസ്താവനയിലൂടെ നമുക്ക് മനസിലാക്കാം.

കരുതൽ (Investment) ഉണ്ടാകണമെങ്കിൽ സമയവും സമ്പത്തും ആവശ്യമാണ്. പക്ഷേ സൗന്ദര്യമോഹം സമയംകൊല്ലിയും സ്വാർത്ഥതാല്പര്യത്തിനായുള്ള അദ്ധ്വാനം വ്യർത്ഥവുമാണെന്ന് തിരിച്ചറിയുവാൻ മനസിൽ ശൂന്യതാബോധം ഉണ്ടാകേണ്ടിവന്നു. സ്വപ്രയത്നത്താൽ ഉളവാകുന്ന സുഖലോലുപതയ്ക്കും നേട്ടങ്ങൾക്കും ഒടുവിൽ നിസഹയായതയുടെ ശൂന്യത മാനവ മനസുകളിൽ ഇടം നേടുന്നു. ഇത്തരം ശൂന്യതാബോധമാണ് താൻ എവിടേക്കോ മടങ്ങിപ്പോകുവാനുള്ളവനാണെന്ന് യാക്കോബിനെ ചിന്തിപ്പിച്ചതും സ്വന്ത ഭവനം എന്ന പദം അവന്റെ അധരത്തിൽ അങ്കുരിപ്പിച്ചതും. നാം അധിവസിക്കുന്ന ഈ ഭൂമി തികച്ചും ലാബാന്റെ ഭവനത്തിന് തുല്യമാണ്. മനുഷ്യസൃഷ്ടി മുഴുവനും ഇവിടെ അന്യരും പരദേശികളും പ്രവാസികളുമാണെന്നും നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്നും, ഈ ഭൂമിയെക്കാളും വാസയോഗ്യമായ മറ്റൊരു ഭവനം നമുക്ക് ദൈവം ഒരുക്കിയിരിക്കുന്നുവെന്നും ബൈബിൾ പഠിപ്പിക്കുന്നു. (1 പത്രൊ: 2:11, എബ്രാ: 11:13)

മണ്ണിനോട് പ്രതികരിക്കുമ്പോൾ മർത്യശരീരവും ആത്മരൂപീയായ ദൈവത്തോട് പ്രതികരിക്കുവാൻ ആത്മാവും ലഭിക്കപ്പെട്ടിരിക്കുന്ന മനുഷ്യസമൂഹം ശരീരത്തിന്റെ ഇച്ഛകളായ ഭൗതിക സങ്കല്പങ്ങളിൽ കുടുങ്ങിയിരിക്കുന്നു. ഇവിടെ രമ്യഹർമ്യ മന്ദിരങ്ങളും, മണിമാളികകളും കെട്ടിപ്പൊക്കി പണവും കഴിവുകളും പാഴാക്കുമ്പോൾ ഭൂമിയും അതിലുള്ള പണികളും വെന്തുപോകുമെന്നും ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകുമെന്നുമാണ് ബൈബിൾ ഭാഷ്യം (11 പത്രൊ :3:10,11). തിരുവചന വെളിച്ചത്തിൽ മനുഷ്യൻ അറിഞ്ഞ ഒട്ടേറെ യാഥാർത്ഥ്യങ്ങളിൽ പ്രസക്തമായ ചിന്താവിഷയം സ്വന്തഭവനം എന്നതാണ്.

> ദൈവീക കൂട്ടായ്മ, ദൈവീക സംഭാഷണം, ദൈവീക സ്വഭാവം ഇത്യാദി പ്രമേയങ്ങളിലേക്ക് സ്വന്ത ഭവന വിചിന്തനങ്ങൾ മനുകുലത്തെ കൂട്ടിക്കൊണ്ട് പോകുന്നു. കൈമോശം വന്ന പൈതൃകത്തിലേക്കും ബന്ധങ്ങളിലേക്കും, അനുഭവങ്ങളിലേക്കും മടങ്ങിവരുവാൻ ക്രിസ്തു പരിചയപ്പെടുത്തിയ ധൂർത്തപുത്രന് സ്വന്ത ഭവനത്തിൽ എത്തേണ്ടി വന്നു. ഈജിപ്തിലെ ഭൗതീകതയിൽ നിന്നും സ്വന്ത നാട്ടിൽ എത്തിച്ചേരുവാൻ യിസ്രായേൽ ജനതയ്ക്ക് ഒട്ടേറെ ത്യാഗങ്ങൾ സഹിക്കേണ്ടതായി വന്നു

എല്ലാവർക്കും സ്വന്തമാക്കാവുന്നതും എല്ലാവരുടെയും സ്വന്തമായതും എന്ന അർത്ഥത്തിൽ ക്രിസ്തുവിലൂടെ ദൈവം അവതരിപ്പിക്കുന്ന യഥാസ്ഥാപനത്തിന്റെയും (restoration) അനുരഞ്ജനത്തിന്റെയും (reconciliation) ശുശ്രൂഷ യാക്കോബിന്റെ ചിന്തയായ സ്വന്തഭവനത്തിൽ നമുക്ക് ദർശിക്കാം. പുതിയനിയമ പ്രവചനഗ്രന്ഥകാരൻ ഇതാ മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരമെന്ന് എഴുതുമ്പോൾ യേശുക്രിസ്തുവിന്റെ രക്ഷണ്യവേലയുടെ പൂർത്തീകരണമാണ് പ്രതിഫലിക്കുന്നത്.

ദൈവീക കൂട്ടായ്മ, ദൈവീക സംഭാഷണം, ദൈവീക സ്വഭാവം ഇത്യാദി പ്രമേയങ്ങളിലേക്ക് സ്വന്ത ഭവന വിചിന്തനങ്ങൾ മനുകുലത്തെ കൂട്ടിക്കൊണ്ട് പോകുന്നു. കൈമോശം വന്ന പൈതൃകത്തിലേക്കും ബന്ധങ്ങളിലേക്കും, അനുഭവങ്ങളിലേക്കും മടങ്ങിവരുവാൻ ക്രിസ്തു പരിചയപ്പെടുത്തിയ ധൂർത്തപുത്രന് സ്വന്ത ഭവനത്തിൽ എത്തേണ്ടി വന്നു. ഈജിപ്തിലെ ഭൗതീകതയിൽ നിന്നും സ്വന്ത നാട്ടിൽ എത്തിച്ചേരുവാൻ യിസ്രായേൽ ജനതയ്ക്ക് ഒട്ടേറെ ത്യാഗങ്ങൾ സഹിക്കേണ്ടതായി വന്നു. സ്വന്തമായതിനെ തേടിയുള്ള യാത്രയിൽ സ്നേഹിക്കുന്നത് നഷ്ടമായെന്ന് വരാം കാരണം സ്നേഹിക്കപ്പെടുന്നതെല്ലാം നമ്മുടെ സ്വന്തമല്ല; കാണുന്നത് താത്ക്കാലികം, കാണാത്തതോ നിത്യം. അതെ ആ സ്വന്ത ഭവനം ഒരു വിദൂരസ്വപ്നമല്ല നാം ആ ഭവനത്തോട് വളരെ അടുത്തിരിക്കുന്നു.



**പാസ്റ്റർ മനോജ് തമ്പി മങ്ങാട്**

## ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം

(നാലാം പേജിൽനിന്ന് തുടർച്ച)

മേൽ ആധിപത്യം സ്ഥാപിച്ച് പാപിയായി മൃതിക്ക് വിധേയനായി നരകത്തിൽ തന്റെ അധികാരത്തിലെത്തിക്കാൻ പിശാച് പരിശ്രമിക്കുമ്പോൾ അവന്റെ അധികാരസീമയിൽ നിന്നൊരുവനെങ്കിലും ക്രിസ്തുവിലെത്തുമ്പോൾ മത മൗലികതയും ഭീഷണിയും ഉയർത്തി അവനെ ശാരീരികമായി ഇല്ലാതാക്കുവാനേ കഴിയു. ആത്മാവ് പാപരഹിത ജീവിതത്തിലൂടെ നിത്യതയിലെത്തും.

ക്രിസ്ത്യാനിത്വം ക്രിസ്തു നമ്മിൽ ഉരുവാകുന്നതിലൂടെ ആരംഭിക്കും. ഉരുവാകുന്ന പ്രക്രീയക്ക് മറ്റൊരുവന്റെ അദ്ധ്വാനമുണ്ട്. സുവിശേഷകന്റെ ദൗത്യം എത്ര പരിശ്രമമേറിയതാണ്. അതിനർത്ഥം ആരേയും പ്രലോഭിപ്പിക്കുന്നില്ല മറിച്ച് ക്രിസ്തുവിനെ അറിയിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. അറിയാനും അറിയിക്കുവാനുമുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. അതിനെ അടിച്ചമർത്താനുപയോഗിക്കുന്ന ഏതൊരായുധവും നിരായുധമാകും. ആത്യന്തിക വിജയം ക്രിസ്തുവിലാണ്.

നമ്മിൽ ക്രിസ്തു രൂപമെടുത്തെങ്കിലേ യഥാർത്ഥ ക്രൈസ്തവികത നമ്മിലൂടെ ഈ ലോകത്തിനു കാണാൻ കഴിയു. ഒരു ശിശു ഭൂമിയിൽ ജനിക്കുന്നതിനൊരു ജീവശാസ്ത്ര പ്രക്രിയ ഇല്ലേ, 9 മാസവും 7 ദിവസവും അതിന്റെ വിനാഴികയും കൊണ്ടേ അത് ഭൂമിയിലെത്തുകയുള്ളു. എന്നാൽ ക്രിസ്തു നമ്മിൽ രൂപമെടുക്കുന്നതിന് ജീവശാസ്ത്രപ്രക്രിയ ആവശ്യമില്ല. ഞാൻ പാപിയാണെന്നും പാപവിമോചകനായി ക്രിസ്തു ലോകത്തിൽ വന്നു എന്നും ക്രൂശിൽ എന്റെ പാപം വഹിച്ചു മരിച്ചു കല്ലറയിൽ അടക്കം ചെയ്തു മൂന്നാം നാൾ ഉയിർത്തു എനിക്കായി ജീവിക്കുകയും ചെയ്തു എന്ന് വിശ്വസിക്കണം, ഏറ്റുപറയണം, സ്വീകരിക്കണം, അവൻ രൂപമെടുക്കും. അതിനോരു സുവിശേഷകൻ പ്രചോദനമാണ്, പ്രചാരകനാണ്. മതകർമ്മങ്ങളോ, ആചാരാനുഷ്ഠാനങ്ങളോ, ബലികർമ്മാദികളോ ആവശ്യമില്ല. വിശ്വസിച്ചാൽ മാത്രം മതിയാകും. ഇന്നത്തെ ഈ ലോകത്തിൽ എല്ലാ മനുഷ്യരിലും ക്രിസ്തു രൂപപെട്ടിരുന്നെങ്കിൽ? അതിനായി നമുക്കു പ്രാർത്ഥിക്കാം, പ്രയത്നിക്കാം.


**A Golden Opportunity To Achieve**
**MASTER OF DIVINITY In New Delhi**

**It is our pleasure to inform you that IPC Theological Seminary is conducting a distant theological education program (M.Div.) in Delhi. The next session for the M.Div. course will begin on 13th March 2015. There will be contact classes on 13th and 14th of March and classes will begin at 9.00 in the morning. For more details and registration, please contact,**
**Pr. John M. Thomas**
**Email Id:- johnmth419@gmail.com. Mob- 9911053031 / 9717334969**

**ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ**

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ്
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Niwas, 101, Block- A, 96E, Ward No-2, Mehrauli, New Delhi-110030**
**Ph: 9810084388, E-mail: icm4india@yahoo.com, Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th February 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com Price Rs. 3/-

## ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം



**പാസ്റ്റർ പി. സോളമൻ വിളക്കുടി**

**വി**ശ്വാസമാർഗ്ഗം ഉപേക്ഷിച്ചു ന്യയപ്രമാണത്തിന്റെ കർമ്മമാർഗ്ഗത്തിലേക്കു തിരിഞ്ഞുപോകുന്നതറിഞ്ഞപ്പോൾ അതിൽ നിന്നും പിന്തിരിഞ്ഞു സത്യത്തിലേക്ക് അവരെ ഉദ്ബുദ്ധരാക്കുവാൻ എഴുതിയതാണ് ഗലാത്യ ലേഖനം. ഏഷ്യാമൈനറിലേക്കു കുടിയേറിപ്പാർക്കുന്നതിനുമുമ്പ് ഗലാത്യപ്രദേശങ്ങളിൽ പാർത്തിരുന്ന സെൽറ്റിക് വംശജരെയാണ് ഗലാത്യർ എന്നു വിളിച്ചിരുന്നു.

ഉപദേശപരമായ വീഴ്ചക്കെതിരായുള്ള ലേഖനം. ക്രിസ്തുയേശുവിൽ വിശ്വസിച്ച ഒരാൾ എങ്ങനെയുള്ള ജീവിതത്തിനുടമയാവണമെന്ന് ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിൽ ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹീത അനുഭവങ്ങളെ വിശദീകരിക്കുകയാണിവിടെ. മാനുഷിക ബന്ധങ്ങളോ മതത്തിന്റെ ബന്ധങ്ങൾക്കോ ആചാരാനുഷ്ഠാനങ്ങൾക്കോ ക്രിസ്തീയ സ്വാതന്ത്ര്യത്തിനെ ഹനിപ്പാനാകില്ല. ആത്മാവിന്റെ വരഫലങ്ങൾ കൊണ്ടു സമ്പൽസമൃദ്ധമായ ക്രിസ്തീയ ജീവിതത്തിന്റെ ഭാഗ്യം വർണ്ണിപ്പാൻ കഴിയുന്നതിലും അധികമാണ്. ആ പരമസത്യം നമ്മോടു വരച്ചുകാട്ടുകയാണിവിടെ പൗലൊസ്.

ഈ സ്വാതന്ത്ര്യം ഒരുവനിലേക്ക് എത്തുന്നത് എങ്ങനെ എന്നു ഗലാത്യർ 4:19 വെളിപ്പെടുത്തുന്നു. ഈ അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ ചരിത്രാവലോകനം അല്ലെങ്കിൽ ലോകചരിത്രത്തിലേക്കവതരിച്ച ക്രിസ്തുവിനെയും വ്യക്തികളിലേക്ക് എങ്ങനെ ക്രിസ്തു പ്രവേശിക്കുന്നു എന്ന ദൈവശാസ്ത്രചിന്തയും കാണാം.

ഗലാത്യർ 4:4- എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി, ന്യായപ്രമാണത്തിൽ കീഴിൽ ജനിച്ചവനായി നിയോഗിച്ചു. ഈ വാക്യം, യേശുക്രിസ്തുവിന്റെ കാലചരിത്രത്തിലേയ്ക്കുള്ള പ്രവേശനത്തെ കാണിക്കുന്നു. കാലത്തെ 3 പദ പ്രയോഗങ്ങളാൽ ബൈബിളിൽ പ്രദർശിപ്പിച്ചിരിക്കുന്നു. അനാദി,

> **ക്രിസ്ത്യനിത്വം ക്രിസ്തു നമ്മിൽ ഉരുവാകുന്നതിലൂടെ ആരംഭിക്കും. ഉരുവാകുന്ന പ്രക്രിയക്ക് മറ്റൊരുവന്റെ അദ്ധ്വാനമുണ്ട്. സുവിശേഷകന്റെ ദൗത്യം എത്ര പരിശ്രമമേറിയതാണ്. അതിനർത്ഥം ആരേയും പ്രലോഭിപ്പിക്കുന്നില്ല മറിച്ച് ക്രിസ്തുവിനെ അറിയിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. അറിയാനും അറിയിക്കുവാനുമുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. അതിനെ അടിച്ചമർത്താനുപയോഗിക്കുന്ന ഏതൊരായുധവും നിരായുധമാകും.**

ആദി, കാലസമ്പൂർണ്ണത. അനാദി സമയമില്ലാത്ത അവസ്ഥ. ആദി സമയബന്ധിതം. കാലസമ്പൂർണ്ണത ദൈവത്തിന്റെ പദ്ധതിക്കായി ഈ കാലം പൂർണ്ണതയിലെത്തിയ സമയം.

സ്ഥലകാല പരിമിതിക്കു വിധേയനല്ലാത്ത ദൈവം, സ്ഥലകാല പരിമിതിക്കു വിധേയനായ നിമിഷം. കാല, പുരുഷാർദ്ധങ്ങൾ കാത്തിരുന്ന ദൈവത്തിന്റെ, മശിഹയുടെ ആഗമനത്തിനായി ഈ ലോകം ഒരുങ്ങിയത് കാലസമ്പൂർണ്ണതയത്രെ.

മത, രാഷ്ട്രീയ, സാംസ്കാരികരംഗങ്ങൾ മുമ്പെന്നത്തെക്കാളും ഒരുക്കപ്പെട്ടതായി ദൈവം കണ്ടപ്പോൾ തന്റെ പുത്രനെ ലോകത്തിലയച്ചു. ചരിത്രത്തിൽ ഒരു യാഥാർത്ഥ്യമായി ആത്മാവായ ദൈവം വസ്തുതലത്തിൽ ഒതുങ്ങിയ പുണ്യനിമിഷം. യോഹന്നാൻ വിവക്ഷിക്കുന്നത് വചനം ജഢമായതാണ് കന്യക ഗർഭിണിയായി എന്നതിനാൽ കാണുന്നത്. സകല ചരാചരങ്ങൾക്കും ജന്മം നൽകിയത് തന്റെ വചനത്താലായിരുന്നെങ്കിൽ ലോകത്തെ സ്നേഹിച്ചത് വചനം ജഢമായി കൊണ്ടായിരുന്നു.

ചരിത്രത്തിലവതരിച്ച ക്രിസ്തു ജീവിതത്തിലെത്തുമ്പോൾ ക്രിസ്തീയ ജീവിതമാകുന്നു. അതാണ് പൗലൊസ് ഗലാത്യർ 4:19ൽ പറയുന്നത്. ക്രിസ്ത്യാനി എന്നതിനാൽ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചവൻ എന്നർത്ഥം. ഇതൊരു മതപരിവർത്തനം അല്ല ആന്തരിക പ്രവർത്തനമാണ്. ക്രിസ്തു ഒരുവന്റെ ഹൃദയത്തിലെത്തുന്നത് മതാതിർത്തികൾ ഭേദിച്ചാണ്.മനുഷ്യരെ മതത്തിൽ തളച്ചിട്ട് അവന്റെ

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030

### ഉറവ

## ചിറകില്ലാതെ പറന്നുയരുക!



**ഇവാ. ജോൺ സാമുവൽ മണക്കാല**

**ക്ലേ**ശത്തിന്റെ പീഠഭൂമിയിലാണ് ദൈവം തന്റെ കരുത്തുറ്റ മികച്ച പോരാളികളെ കണ്ടെത്തുന്നത്. ഹിമമണിഞ്ഞുകിടക്കുന്ന ഹിമാലയ ഗിരിനിരകളുടെ ചിത്രം കാഴ്ചയ്ക്കു സുന്ദരമാണ്. പക്ഷെ ദുർഘടങ്ങളെ അതിജീവിച്ച് അതിന്റെ നിറുകയിലേക്ക് നടന്നുകയറി നട്ടെല്ലോടെ ശിരസ്സുയർത്തി അഭിമാനത്തിന്റെയും വിജയത്തിന്റെയും സന്തോഷത്തിന്റെയും വെന്നിക്കൊടി പാറിപ്പിക്കുക എന്നത് എളുപ്പമല്ല. അതിന്റെ പിറകിൽ കഠിന പരിശീലനവും പ്രയത്നവും ഇച്ഛാശക്തിയും ഹൃദയത്തിൽ ഒരു സ്വപ്നവും ഒക്കെ അത്യന്താപേക്ഷിതമാണ്. തങ്ങൾ സ്വപ്നം കാണുന്നതെല്ലാം സാധ്യമാണെന്ന് വിശ്വസിക്കുക. Try, Try Try at last you win (പരിശ്രമിക്കുക, പരിശ്രമിക്കുക, പരിശ്രമിക്കുക ഒടുവിൽ നീ വിജയിക്കും).

ഉയരെ ഉയർന്ന് ചിറക് വിരിച്ച് പറക്കേണ്ടുന്ന പക്ഷി ഇരുചിറകുകളും നഷ്ടപ്പെട്ട് ഇങ്ങ് താഴെ ഭൂമിയിൽ ഏതെങ്കിലും ഒരിടത്ത് ഒതുങ്ങികൂടി തനിയെ ഇരിക്കുന്ന രംഗം തികച്ചും ദയനീയമാണ്. ഇരു ചിറകുകളും ഇല്ലാത്ത പക്ഷി ഉയരെ പറക്കാൻ മോഹിച്ച് പതുക്കെ പതുക്കെ മുകളിലേക്ക് തലയുയർത്തി നോക്കുകയും കുതിച്ചുചാടുകയും ചെയ്യുന്ന കാഴ്ച. ഒടുവിൽ ചിറകില്ലാതെ പറന്നുപറന്നുയരുന്ന അവിശ്വസനീയമായ രംഗം. നമ്മുടെയൊക്കെ ഭാവനയ്ക്കുമപ്പുറമാണിത്.

ചാരക്കൂനയിൽ നിന്നും പറന്നുയരുന്ന ഫിനിക്സ് പക്ഷിയെ പോലെ ഉയരങ്ങൾ കീഴടക്കിയ വ്യക്തികളുടെ ജീവിതാനുഭവങ്ങൾ സാധാരണക്കാർക്ക് ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ ധൈര്യത്തോടെ അഭിമുഖീകരിക്കുവാൻ പ്രേരണ നല്കുന്നതാണ്.

ഇരുളടയേണ്ടിയിരുന്ന ജീവിതത്തെ നിരന്തര പരിശ്രമത്തിലൂടെ പ്രകാശമാക്കിമാറ്റിയ അനേകർ നമുക്കുചുറ്റും ഉണ്ട്. തോറ്റവരുടെ ജീവിതത്തെക്കാൾ വിജയികളുടെ ജീവിതം നോക്കി പഠിക്കുക. തുടർന്ന് ഭൂമിയിൽ ദൈവം നൽകിയ ഈ ചെറിയ ജീവിതത്തിന്റെ മൂല്യവും അർത്ഥവും ഉദ്ദേശ്യവും തിരിച്ചറിയുക. അടിപതറാതെ, ചുവടുകൾ പിഴയ്ക്കാതെ ലക്ഷ്യത്തിലേക്ക് മുന്നേറുക. വിജയവും അനുഗ്രഹവും അധികം വിദൂരമല്ല.

എനിക്ക് വ്യക്തിപരമായി പരിചയമുള്ള ചിലരുണ്ട്. ചെറുപ്രായത്തിൽ ഉണ്ടായ ഒരപകടത്തിൽ വലതുകൈപ്പത്തി നഷ്ടപ്പെട്ട എന്റെ സുഹൃത്ത് ജോൺസൺ, ഇന്ന് ക്രൈസ്തവ സംഗീതലോകത്ത് സ്വന്തവ്യക്തി മുദ്ര പതിപ്പിച്ച ഒരു അനുഗ്രഹീതനായ ഗായകനാണ്. ജന്മനാ അന്ധനായ സി.ജെ. മനുവേൽ ഉപദേശി, അന്ധത കാരണം സ്കൂൾ വിദ്യാഭ്യാസം നേടിയുമില്ല. പക്ഷെ ഇന്ന് അറിയപ്പെടുന്ന സുവിശേഷകനാണദ്ദേഹം. തൊണ്ണൂറു ശതമാനം അംഗവൈകല്യമുണ്ടായിരുന്ന പാപ്പച്ചൻ പിൽക്കാലത്ത് അറിയപ്പെടുന്ന പുല്ലാട് പാപ്പച്ചൻ പാസ്റ്ററായി പ്രശോഭിച്ചതും ഒക്കെ വളരെ ശ്രദ്ധേയമാണ്.

ഇവിടെ ഇതാ ചിറകില്ലാതെ പറന്ന ഒരു പെൺകുട്ടി. എന്റെ വായനാനുഭവം അല്പമായി പങ്കുവയ്ക്കാം. അപ്രതീക്ഷിതമായാണ് ആ വാർത്താപത്രത്തിന്റെ ഒരു ഭാഗം എന്റെ കൈയ്യിൽ കിട്ടിയത്. നൊമ്പരവും കൗതുകവും അതിലുപരി അത്ഭുതവും തെല്ലൊരു ആത്മവിശ്വാസവും ഇടകലർന്ന് എന്നെ വീണ്ടും ആവേശഭരിതനാക്കി.

അമേരിക്കയിലെ കാലിഫോർണിയയിലെ പാസഡീനയിലുള്ള സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽ ഒരു വിവാഹം നടക്കുകയാണ്. തൂവെള്ള വെഡ്ഡിങ്ങ് ഗൗണിൽ സുന്ദരിയായ വധു ജസീക്ക കോക്സ് വരൻ പാട്രിക് ചേംബർലൈയ്നൊപ്പം നിൽക്കുന്നു. ബിഷപ്പ് ഓസ്കർ സോളിസ് ആണ് കാർമികൻ. അവരുടെ വിവാഹ ചടങ്ങിന്റെ ഭാഗമായ മെഴുകുതിരി കത്തിക്കാൻ ആ പെൺകുട്ടിയുടെ കൈകൾ നീണ്ടില്ല. പകരം വലതുകാൽ ഉപയോഗിച്ച് ദീപം തെളിയിച്ചു. വിവാഹമോതിരത്തിനുപകരം വരൻ പാട്രിക് കാൽചിലമ്പാണ് വധുവായ ജസീക്കയുടെ കണങ്കാലിൽ അണിയിച്ചത്.

ജന്മനാ ഇരുകൈകളുമില്ലാത്ത പെൺകുട്ടിയാണ് ജസീക്കാ. ബാല്യം മുതൽ തന്റെ അവസ്ഥയെ ജസീക്ക ഒരിക്കലും ഒരു കുറവായി കണ്ടില്ല. മറിച്ച് അതിനെ ഒരു വെല്ലുവിളിയായി നേരിട്ടുകൊണ്ട് ആകാശത്തോളം അവൾ സ്വപ്നങ്ങൾ നെയ്തു. ഇരുകൈകളുമുള്ളവർക്കുമേൽ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചുകൊണ്ട് അവൾ ആകാശത്തിലേക്കുയർന്നു; ചരിത്രം രചിച്ചുകൊണ്ട്, ലോകറിക്കോർഡുകൾ സൃഷ്ടിച്ചുകൊണ്ട്. ഇരുകൈകളുമില്ലാതെ തനിയെ വിമാനം പറത്തുന്ന ലോകത്തിലെ ആദ്യവ്യക്തിയായി ഗിന്നസ് റിക്കോർഡ് വരെ നേടിയ ജസീക്ക വേദനകളെയും വെല്ലുവിളികളെയും അവസരങ്ങളാക്കിമാറ്റി.

1983 ഫെബ്രുവരി രണ്ടിന് അമേരിക്കയിലെ അരിസോണയിലുള്ള സിയെറവിസ്റ്റയിലായിരുന്നു ജസീക്കയുടെ ജനനം. കൈകളില്ലാതെ പിറന്ന ജസീക്ക

(ശേഷം രണ്ടാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442